ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം

# ആത്മപ്രബോധിനി

2017 ഒക്ടോബർ – ഡിസംബർ

VOL - 5 ISSUE - 21 FOR PRIVATE CIRCULATION ONLY THIRUVALLA

# ശാരോൻ ജനറൽ കൺവൻഷന് അനുഗ്രഹീത തുടക്കം




**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ ആരംഭിച്ചു. നവംബർ 27 തിങ്കളാഴ്ച വൈകിട്ട് 6.30 ന് സഭാ പ്രസിഡന്റ് റവ.ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. ഇന്നത്തെ കാലഘട്ടത്തിൽ പരിശുദ്ധാത്മ ശക്തിയുടെ സാന്നിധ്യമാണ് വിശ്വാസ സമൂഹത്തിന് അനിവാര്യമായിരിക്കുന്നത്. വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്ന ആത്മാവിന് ഏതു തകർന്ന സാഹചര്യങ്ങളെയും വ്യത്യാസപ്പെടുത്താൻ കഴിയും. ജീവദായകവും ശക്തിദായകവുമായ ദൈവാത്മാവിന് പ്രവർത്തന സ്വാതന്ത്ര്യം സഭകളിൽ ഉണ്ടാകുമ്പോഴാണ് ആത്മാക്കൾ സഭയിലേക്ക് ആകർഷിക്കപ്പെടുന്നത്. അദ്ദേഹം പ്രസ്താവിച്ചു. പാസ്റ്റർ പി.ജി. ജേക്കബ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം ജോസഫ് സങ്കീർത്തന വായനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കോശി ഉമ്മൻ മുഖ്യസന്ദേശം നൽകി.

തുടർന്നുള്ള ദിവസങ്ങളിൽ റവ.റ്റി.ജി കോശി, പാസ്റ്റർ ബെനിസൻ മത്തായി, ഡോ. മാത്യു വർഗീസ്, ഡോ. തോമസ് ഏബ്രഹാം, റവ.ജോൺ ജോൺസൺ തുടങ്ങിയവരും ശാരോൻ ഫെലോഷിപ്പിലെ മറ്റ് അനുഗ്രഹീത ദൈവദാസന്മാരും പ്രസംഗിക്കും. പരിവർത്തിക്കുന്ന ആത്മാവ് എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ശാരോൻ ക്വയർ ഗാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.

എല്ലാ ദിവസവും രാവിലെ 7.30 മുതൽ 8.30 വരെ ബൈബിൾ സ്റ്റഡി നടക്കും. ചൊവ്വ മുതൽ വെള്ളിവരെ രാവിലെ 9.30 മുതൽ പാസ്റ്റേഴ്സ് മീറ്റിംഗ് നടക്കും. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകളും സെമിനാറുകളുമായിരിക്കും ഈ കോൺഫറൻസിൽ നടക്കുന്നത്. ഇതോടൊപ്പം പാസ്റ്റേഴ്സിന്റെ ഓഡിനേഷൻ ശുശ്രൂഷയും നടത്തപ്പെടുന്നു. ഇതേ സമയം കൺവൻഷൻ ഗ്രൗണ്ടിൽ വിശ്വാസികൾക്കു വേണ്ടി പ്രത്യേക യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മുതൽ മിഷൻ സമ്മേളനങ്ങൾ, മിഷൻ ചലഞ്ച്, കാത്തിരിപ്പുയോഗം തുടങ്ങിയുള്ള മീറ്റിംഗുകൾ നടക്കും. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ബാഹ്യകേരളാ സഭകളി

*(ശേഷം പേജ് 2)*

# ശാരോൻ ഡയറക്ടറി പ്രകാശനം ചെയ്തു




**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ പുതുതായി പ്രസിദ്ധീകരിച്ച സഭാ ഡയറക്ടറി പ്രകാശനം ചെയ്തു. ജനറൽ കൺവൻഷനോടനുബന്ധിച്ച് ബുധനാഴ്ച രാവിലെ നടന്ന പാസ്റ്റേഴ്സ് കോൺഫറൻസിൽ വെച്ച് സഭാ പ്രസിഡന്റ് റവ. ജോൺ തോമസ് റവ. റ്റി.ജി. കോശിക്ക് നൽകിയാണ് പ്രകാശനം ചെയ്തത്. ലോകമെങ്ങും വ്യാപിച്ചു കിടക്കുന്ന ശാരോൻ സഭകളെ പരസ്പരം പരിചയപ്പെടുത്തുക, എവിടെയെല്ലാം ശാരോൻ കൂട്ടായ്മയ്ക്ക് പ്രാദേശിക സഭകളുണ്ടെന്ന് മനസിലാക്കുക തുടങ്ങിയുള്ള ഉദ്ദേശ്യങ്ങളോടെയാണ് ഈ ഡയറക്ടറി പ്രസിദ്ധീകരിച്ചിരിക്കുന്നത്.

സഭയുടെയും പുത്രികാ സംഘടനകളായ സൺഡേസ്കൂൾ, സി.ഇ.എം., വനിതാ സമാജം എന്നിവയുടെയും റീജിയനുകളുടെയും ചരിത്ര വഴികൾ ഈ ഡയറക്ടറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സഭാ കൗൺസിൽ അംഗങ്ങൾ, പുത്രികാ സംഘടനാ ഭാരവാഹികൾ, പ്രാദേശിക സഭാ ശുശ്രൂഷകന്മാർ, സെന്റർ പ്രതിപുരുഷന്മാർ എന്നിവരുടെ ഫോട്ടോയും ഫോൺനമ്പരും മറ്റു വിവരങ്ങളും ഈ ഡയറക്ടറിയിലുണ്ട്. സഭകളുടെ വിവരങ്ങൾ റീജിയൻ-സെന്റർ-സെക്ഷൻ ക്രമത്തിലാണ് ഇതിൽ നൽകിയിരിക്കുന്നത്. 200 രൂപാ മുഖവിലയുള്ള ഈ പുസ്തകം 150 രൂപയ്ക്ക് ഇപ്പോൾ ലഭിക്കും.

## പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ്

ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ സൺഡേസ്കൂളിൽ ഈ വർഷം പന്ത്രണ്ടാം ക്ലാസ് പൂർത്തിയാക്കിയ എല്ലാ വിദ്യാർഥികൾക്കും സർട്ടിഫിക്കറ്റുകൾ തയ്യാറായിട്ടുണ്ട്. സെക്ഷൻ സൺഡേസ്കൂൾ ഭാരവാഹികൾ സൺഡേസ്കൂൾ ഓഫീസുമായി ബന്ധപ്പെടുക.



**ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ**
(SFCSSA)

**എക്സിക്യൂട്ടീവ് കമ്മറ്റി**

രക്ഷാധികാരികൾ
**റവ. ജോൺ തോമസ്**
**പാസ്റ്റർ ഏബ്രഹാം ജോസഫ്**
**പാസ്റ്റർ ഫിന്നി ജേക്കബ്**

ഡയറക്ടർ
**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**
9447861098

അസോ. ഡയറക്ടർ
**പാസ്റ്റർ പി.എ. ചാക്കോച്ചൻ**
94476 54228

ജനറൽ സെക്രട്ടറി
**റോഷി തോമസ്**
98476 65044

അസോ. സെക്രട്ടറി
**കെ.ഇ. ജോർജുകുട്ടി**
94479 07543

ട്രഷറാർ
**കോശി മാത്യു**
99471 74700

എക്സാം കൺട്രോളർ
**കെ. തങ്കച്ചൻ**
94479 85313

ജനറൽ കോർഡിനേറ്റർ
**പാസ്റ്റർ ബിജു ജോസഫ്**
99956 95573

അംഗങ്ങൾ
**പാസ്റ്റർ ബ്ലസ്സൻ ജോർജ്**
94469 83834
**പാസ്റ്റർ പി.മത്തായി**
98477 57245
**പാസ്റ്റർ സജു മാവേലിക്കര**
94472 93000
**പാസ്റ്റർ സനു ജോസഫ്**
087805 42184
**റ്റി. തങ്കച്ചൻ**
94472 47644
**അജിത്ത് ജോർജ്**
94478 18793
**പ്രിൻസ് സാമുവേൽ ജോസഫ്**
98091 82333
**ഷിജു ജോർജ്**
94473 78488



ആത്മപ്രബോധിനി

**എഡിറ്റോറിയൽ ബോർഡ്**
പാസ്റ്റർ ഏബ്രഹാം മന്ദമരുതി
പാസ്റ്റർ പി.എ. ചാക്കോച്ചൻ
റോഷി തോമസ്
പാസ്റ്റർ സാംസൺ പി. തോമസ്
പാസ്റ്റർ ബ്ലസ്സൻ ജോർജ്






പാസ്റ്റർ ഏബ്രഹാം മന്ദമരുതി

# കുട്ടികൾക്ക് കാലിടറാതിരിക്കുവാൻ...

അന്യ ദൈവാരാധനയ്ക്ക് പ്രാമുഖ്യം നൽകിയ യഹൂദജനം ബാബിലോണിലേക്ക് അടിമകളായി പിടിക്കപ്പെട്ടു. നെബുഖദ്നേസറിന്റെ ഇരുമ്പു രഥങ്ങൾ യരുശലേം നഗരിയുടെ തെരുവീഥികളിൽ തലങ്ങും വിലങ്ങും പായാൻ തുടങ്ങി. യരുശലേം എന്ന സമാധാന നഗരത്തിന്റെ നാശം സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ ദയനീയമായ മറ്റൊരു കാഴ്ച അവിടെയുണ്ടായിരുന്നു. ബാബിലോൺ സൈന്യത്തിന്റെ കടന്നാക്രമണത്തിൽ ചിതറിവീണ് വഴിത്തലയ്ക്കൽ നിലവിളിക്കാൻ പോലുമാകാതെ വിശപ്പുകൊണ്ടു തളർന്ന നിരവധി കുഞ്ഞുങ്ങൾ! ദാരുണമായ ഈ കാഴ്ച കണ്ട് യിരമ്യാവ് വിലപ്പിച്ചു: “വീഥികളുടെ തലക്കലൊക്കെയും വിശപ്പുകൊണ്ടു തളർന്നു കിടക്കുന്ന നിന്റെ കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി ദൈവത്തിങ്കലേക്ക് കൈമലർത്തുക” (വിലാ.2:19).

സുരക്ഷിതമല്ലാത്ത ഒരു സാഹചര്യത്തിലാണ് ഇന്നത്തെ കുഞ്ഞുങ്ങളും വളർന്നുവരുന്നത്. നാട്ടിൽ മാത്രമല്ല, ഭവനത്തിൽ പോലും അവർ പീഡിപ്പിക്കപ്പെടുന്നു. സംരക്ഷകരാകേണ്ടവർ സംഹാരകരായി മാറുന്ന ദയനീയസ്ഥിതിയാണിന്നുള്ളത്. ലഹരി ഉപയോഗം, ഇന്റർനെറ്റ് അടിമത്തം, തെറ്റായ ബന്ധങ്ങൾ ഇവയെല്ലാം ഇന്ന് വിദ്യാർഥികൾക്കിടയിൽ വർദ്ധിച്ചുവരുന്നു. ജീവിത വഴികളിൽ പലരും കാലിടറി വീഴുന്നു. ഈ കുഞ്ഞുങ്ങൾക്കായി ദൈവത്തിങ്കലേക്കു കൈമലർത്താൻ നമുക്ക് ഉത്തരവാദിത്തമുണ്ട്.

നവംബർ 5 അഖിലലോക സൺഡേസ്കൂൾ ദിനമായിരുന്നു. ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷനും അന്നേ ദിവസം സൺഡേസ്കൂൾ ദിനമായി വേർതിരിക്കുകയും സഭകളിൽ പ്രാർഥനയ്ക്കും കുട്ടികളുടെ പ്രത്യേക പ്രോഗ്രാമുകൾക്കായും ആഹ്വാനം നൽകുകയും ചെയ്തു. നമ്മുടെ എല്ലാ ലോക്കൽ സഭകളും ആവേശത്തോടും ആത്മഭാരത്തോടും ഈ ആഹ്വാനം ഏറ്റെടുത്തു. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്രാവശ്യം സൺഡേസ്കൂൾ ദിനത്തോടനുബന്ധിച്ച് വിവിധ പ്രോഗ്രാമുകൾ നമ്മുടെ സഭകളിൽ നടന്നു. നിശ്ചയിച്ചതിനെക്കാൾ കൂടുതൽ സമയമെടുത്ത് നിരവധി സഭകൾ പ്രാർഥിച്ചു. സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കായി ലോക്കൽ സഭകൾ പ്രത്യേക സ്തോത്രകാഴ്ചയും ശേഖരിച്ചു. വലിയൊരു മാറ്റത്തിന്റെ തുടക്കമായി ഞങ്ങൾ ഇതിനെ കാണുന്നു. കഴിഞ്ഞ ചില വർഷങ്ങളായി ഞങ്ങൾ കൈമാറാൻ പരിശ്രമിച്ചുകൊണ്ടിരുന്ന ‘ദർശനം’ ലോക്കൽ സഭകൾ ഏറ്റെടുക്കുന്നു എന്നതിൽ ചാരിതാർഥ്യമുണ്ട്. ഇക്കാര്യത്തിൽ സഹകരിച്ച സഭകളോട് ഞങ്ങളുടെ ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു. ഒപ്പം, ഇതിനായി ഏറെ അധ്വാനിച്ചത് കേന്ദ്ര കോർഡിനേറ്റേഴ്സും സെക്ഷൻ സൺഡേസ്കൂൾ ഭാരവാഹികളുമാണ്. പലപ്രാവശ്യം ഇവർ ലോക്കൽ സഭകളുമായി ബന്ധപ്പെടുകയും ഉത്സാഹിപ്പിക്കുകയും ചെയ്തു. ഈ ഒരു പരിശ്രമത്തിന്റെ ഫലമാണ് സൺഡേസ്കൂൾ ദിനത്തിൽ കണ്ടത്. ഇതിനു പിന്നിൽ അധ്വാനിച്ച എന്റെ കൂട്ടുപ്രവർത്തകർക്കെല്ലാം ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ പലർക്കും മാതൃകയും വഴികാട്ടിയുമാകുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല. പ്രവർത്തനങ്ങൾക്കായി എന്നും വ്യത്യസ്ത വഴികൾ തെരഞ്ഞെടുക്കാൻ താൽപര്യപ്പെടുന്ന നമ്മുടെ സൺഡേസ്കൂൾ അസോസിയേഷൻ ഇപ്രാവശ്യവും നൂതന പദ്ധതികൾ പ്രവർത്തിപഥത്തിലാക്കുന്നു. സഭാ ഡയറക്ടറിയുടെ പ്രസിദ്ധീകരണമാണ് അതിലൊന്ന്. ശാരോൻ പ്രസ്ഥാനത്തിന്റെ കീഴിൽ വിവിധ സ്ഥലങ്ങളിലായിരിക്കുന്ന വരെ പരസ്പരം അറിയാൻ സഹായിക്കുന്ന ഈ പ്രസിദ്ധീകരണം സഭയോടുള്ള ബന്ധത്തിൽ ഏറെ മാറ്റങ്ങൾക്കു വഴി തെളിക്കും എന്നത് തീർച്ചയാണ്. കേരള പെന്തെക്കോസ്തർക്കിടയിൽ ഇത് ആദ്യത്തെ സംരംഭമാണ്. ഇങ്ങനെ ഒരു ആശയം നൽകുകയും അതു വിജയകരമായി പൂർത്തീകരിക്കാൻ സകല കൃപകളും നൽകുകയും ചെയ്ത ദൈവത്തിന് സകല മഹത്വവും അർപ്പിക്കുന്നു.

നമ്മുടെ യുവതിയുവാക്കൾക്കായി പ്രീമാരിറ്റൽ കൗൺസലിങ്ങ് കോഴ്സ്, പുതിയ പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇങ്ങനെ നിരവധി പദ്ധതികളാണ് ഈ വർഷം അസോസിയേഷന് പൂർത്തീകരിക്കാനുള്ളത്. കഴിഞ്ഞ കാലങ്ങളിൽ സൺഡേസ്കൂളിന്റെ പദ്ധതികളെ ഇരുകരങ്ങളും നീട്ടി സ്വീകരിച്ച സഭകളും പ്രവർത്തകരുമാണ് ഞങ്ങളുടെ പിൻബലം. അതിനൊപ്പം ദൈവകൃപകൂടി ചേരുമ്പോൾ ബഹുദൂരം നമുക്ക് യാത്ര ചെയ്യാനാകും. ഇനിയും നൂതന മാറ്റങ്ങൾ സൺഡേസ്കൂൾ മേഖലയിൽ പ്രതീക്ഷിക്കാം എന്ന ഉറപ്പ് ഞങ്ങൾ നൽകുന്നു. പകരം, സഭകളുടെ പ്രാർഥനയും നിർലോഭമായ സഹകരണവും പ്രതീക്ഷിക്കുന്നു. വീഥിയുടെ തലയ്ക്കൽ തളർന്നു കിടക്കുന്ന കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി നമുക്കൊരുമിച്ച് പ്രവർത്തിക്കാൻ സമർപ്പിക്കാം.... പ്രാർഥിക്കാം.... ഏവരേയും സർവ്വശക്തൻ അനുഗ്രഹിക്കട്ടെ.

## ശാരോൻ ജനറൽ കൺവൻഷൻ....

(1–ാം പേജ് തുടർച്ച)

ലെ ശുശ്രൂഷകന്മാരുടെ പ്രത്യേക സമ്മേളനം നടത്തപ്പെടും.

ശനിയാഴ്ച രാവിലെ 9 മുതൽ സഹോദരി സമ്മേളനം ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. മിസ്സിസ് ഏലിയാമ്മ കോശിയുടെ അധ്യക്ഷതയിൽ നടക്കുന്ന മീറ്റിംഗിൽ മിസ്സിസ് സൂസൻ തോമസ്, മിസ്സിസ് മേഴ്സി മാത്യു എന്നിവർ പ്രസംഗിക്കും. ഇതേ സമയം കൺവൻഷൻ ഗ്രൗണ്ടിൽ നടക്കുന്ന സി.ഇ.എം, സൺഡേസ്കൂൾ സംയുക്ത സമ്മേളനത്തിന് പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിക്കും. ഡോ. മാത്യു വർഗീസ് മുഖ്യസന്ദേശം നൽകും. സി.ഇ.എം താലന്തു പരിശോധനാ വിജയികൾക്കുള്ള സമ്മാനദാനം, മെറിറ്റ് അവാർഡുകൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവയുടെ വിതരണം, സൺഡേസ്കൂൾ പരീക്ഷാ റാങ്കു ജേതാക്കൾ, മെഗാ ബൈബിൾ ക്വിസ് വിജയികൾ തുടങ്ങിയവർക്കുള്ള സമ്മാന വിതരണം എന്നിവയും നടക്കും. ഉച്ചകഴിഞ്ഞ് മിഷൻ കോൺഫറൻസാണ് ക്രമീകരിച്ചിരിക്കുന്നത്. ഞായറാഴ്ച രാവിലെ സ്നാനശുശ്രൂഷയും 8.30 മുതൽ സംയുക്ത സഭായോഗവും സമാപന സമ്മേളനവും നടക്കും.

## വാർഷിക പരീക്ഷ മെയ് 27 നും ജൂൺ 9 നും

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ സൺഡേസ്കൂൾ വിദ്യാർഥികളുടെ 2017–18 അധ്യായന വർഷത്തെ വാർഷിക സെക്ഷൻ പരീക്ഷ മെയ് 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ അതാതു ലോക്കൽ സഭകളിൽ വെച്ചും കേന്ദ്ര പരീക്ഷ ജൂൺ 9 ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ തെരഞ്ഞെടുത്ത സെന്ററുകളിൽ വെച്ചും നടക്കും. ഓരോ ക്ലാസുകളിലെയും പാഠപുസ്തകങ്ങളിലെ എല്ലാ പാഠങ്ങളും ഈ വർഷം പഠിപ്പിക്കേണ്ടതാണ്.

## അധ്യാപക പരിശീലന സെമിനാർ

**ശൂരനാട്:** സെക്ഷൻ സൺഡേസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 19ന് കണ്ണമം ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ വെച്ച് സൺഡേസ്കൂൾ അധ്യാപകപരിശീലന സെമിനാർ നടന്നു. പാസ്റ്റർ റ്റി. മാത്യുവിന്റെ അധ്യക്ഷതയിൽ പാസ്റ്റർ വി.എം. ജേക്കബ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി ക്ലാസ്സെടുത്തു. പാസ്റ്റർ അലക്സാണ്ടർ ഫിലിപ്പ് പ്രാർഥനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ജോമോൻ ജെ. നന്ദി അറിയിച്ചു.




# വി.ബി. എസിന്റെ അനന്തസാധ്യതകൾ

**എന്റെ സഭയിൽ ഒരു വി.ബി.എസ് എന്നത് സഭയുടെ ലക്ഷ്യപ്രാപ്തിയുടെ പട്ടികയിൽ അടുത്ത വർഷങ്ങളിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. കുഞ്ഞുങ്ങൾ ദീർഘകാലനിക്ഷേപങ്ങളാണ് ഇന്നത്തെ മുതൽമുടക്കുകൾ തീർച്ചയായും നാളത്തെ നിക്ഷേപങ്ങളാണ്. മറ്റു ശുശ്രൂഷകളിൽ നിന്നും തികച്ചും വ്യത്യസ്തമായി അംഗീകാരമോ, സാമ്പത്തിക നേട്ടങ്ങളോ ലഭിക്കാത്ത കുട്ടികളുടെ ഇടയിലെ ശുശ്രൂഷകളിൽ പ്രധാനപ്പെട്ട ഒന്നായ വി.ബി.എസുകൾ സംഘടിപ്പിക്കുവാൻ നമുക്ക് ഒന്നിക്കാം.**

വീണ്ടും ഒരു വെക്കേഷൻ കൂടി അടുത്തു വരുന്നു. വി.ബി.എസ് ദിനങ്ങൾ കുട്ടികൾക്ക് പാട്ടും, കഥകളും, നിറങ്ങളും നിറഞ്ഞ ആവേശത്തിന്റെ പകലുകളാണ്. ആടിപ്പാടി ആഘോഷിക്കുന്നതോടൊപ്പം ബാലികാബാലന്മാരെ ദൈവരാജ്യത്തിലേക്ക് നടത്തുവാൻ സഹായിക്കുന്ന കാലികപ്രാധാന്യമുള്ള ശുശ്രൂഷയാണ് വി.ബി.എസ് എന്നത് നാം തിരിച്ചറിയാത്ത ചരിത്രസത്യമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ അമേരിക്കൻ ഐക്യനാടുകളിൽ ജീവിച്ചിരുന്ന ചില ഭക്തന്മാരുടെ ദർശനമാണ് വി.ബി.എസ് പ്രവർത്തനങ്ങളുടെ ആരംഭം.

**ഇന്ത്യയിൽ**

ദക്ഷിണഭാരതത്തിലെ ബംഗാരപ്പേട്ട് സൗത്ത് ഇന്ത്യാ ബിബ്ലിക്കൽ സെമിനാരിയിൽ വന്ന ചില മിഷനറിമാരാണ് ഇന്ത്യയിലെ വി.ബി.എസ് പ്രവർത്തനത്തിന് ക്രമീകൃതമായ രൂപം നൽകിയത്. മിസിസ് മേരി ഹാമിൽട്ടൺ എന്ന മിഷനറി വനിതയെ വി.ബി.എസിനു നേതൃത്വം നൽകുവാൻ ദൈവം ഉപയോഗിച്ചു. അവരോടൊപ്പം തദ്ദേശീയരായ അധ്യാപകരും വിദ്യാർഥികളും ചേർന്ന് വി. ശാമുവേൽ എന്ന തമിഴ് യുവാവിന്റെ നേതൃത്വത്തിൽ 1952–ൽ തമിഴ്നാട്ടിലെ കോവിൽപെട്ടിയിൽ നടത്തിയ വി.ബി.എസാണ് ഭാരതത്തിലെ ആദ്യത്തെ വി.ബി.എസ് പ്രസ്തുത വി.ബി.എസിൽ 75 കുട്ടികളും 8 അധ്യാപകരും ഉണ്ടായിരുന്നു.

**കേരളത്തിൽ**

1953 മുതൽ വി.ബി.എസിന്റെ വളർച്ചയുടെ നാളുകളായിരുന്നു. തമിഴ്നാട്, കർണ്ണാടക, കേരളം എന്നീ സംസ്ഥാനങ്ങളിൽ വി.ബി.എസ് പ്രവർത്തനം വ്യാപിച്ചു. 1956ൽ മല്ലപ്പള്ളി സി.എം.എസ് ഹൈസ്കൂളിൽ വെച്ച് നടന്നതാണ് കേരളത്തിലെ ആദ്യത്തെ വി.ബി.എസ്. ഇതിൽ സിസ്റ്റർ മേരി കോവൂരും ഉണ്ടായിരുന്നുവെന്നത് തികച്ചും യാദൃശ്ചികം.

വി.ബി.എസ് പ്രവർത്തനങ്ങൾ ആറു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ വളർച്ചയുടെ നിരവധി പടവുകൾ കടന്നു വന്നതിന്റെ തെളിവാണ് ഇന്ന് കേരളത്തിൽ വിവിധ വി.ബി.എസ് സിലബസ് ലഭിക്കുന്നത്. കേരളത്തിൽ വി.ബി.എസ് വ്യാപിച്ചു കൊണ്ടിരിക്കുന്നുവെന്നത് വളരെ സന്തോഷകരമാണ്. വേർപെട്ട സഭകളും വി.ബി.എസ് പ്രവർത്തനങ്ങളെ അംഗീകരിച്ചു തുടങ്ങിയത് അധികം പ്രതീക്ഷാജനകമാണ്.

**വി.ബി.എസിന്റെ സാധ്യത**

വി.ബി.എസിന്റെ സാധ്യതകളെ കഴിഞ്ഞ കാലങ്ങളിൽ കാണാതിരുന്നത് ഈ ശുശ്രൂഷയിൽ നിന്ന് നാം അകന്നു നില്ക്കുവാൻ കാരണമായിട്ടുണ്ട്.

a) വി.ബി.എസ് പ്രവർത്തനങ്ങൾ മിക്ക സ്ഥലങ്ങളിലും ജാതിമതചിന്തകൾക്ക് അതീതമാണെന്നത് സുവിശേഷത്തിനു വാതിൽ തുറക്കപ്പെടുന്ന അതുല്യ അവസരം (Unique Opportunity) ഒരുക്കുന്നു.

b) ഏതു ചിത്രവും വരയ്ക്കുവാൻ പാകമായ നിലയിലുള്ള ചുവരുകളാണ് യഥാർഥത്തിൽ കുട്ടികളുടെ ഹൃദയം. ഇളംമനസുകളിൽ ലോകത്തിന്റെ മലിനചിത്രങ്ങൾ പതിയുന്നതിന് മുമ്പ് യേശുകർത്താവിന്റെ മായാത്ത ചിത്രം പതിപ്പിക്കുവാൻ ലഭിക്കുന്നതിലൂടെ പുതിയ തലമുറയെ സ്വാധീനിക്കുവാൻ (Impact the new generation) അവസരം ലഭിക്കുന്നു.

c) കുരുന്നുകളുടെ മുഴുജീവിതത്തേയും രൂപപ്പെടുത്തുന്ന തീരുമാനങ്ങളിലേയ്ക്ക് വി.ബി.എസ് നയിക്കുന്നുവെന്നതിനാൽ ഇത് ഒരു മുഴുവൻ ജീവിതത്തിന്റെയും രൂപാന്തരത്തിന്റെ (life changing mission) ശുശ്രൂഷയാണ്.

d) സൺഡേസ്കൂളുകൾ സഭാമന്ദിരത്തിനുള്ളിൽ മാത്രം പരിമിതപ്പെട്ടിരിക്കുമ്പോൾ വി.ബി.എസിലൂടെ സൺഡേസ്കൂൾ പുറംലോകത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നു.

e) ദീർഘവീക്ഷണമുള്ള സഭയുടെ വളർച്ചയെ നിർണ്ണയിക്കുന്ന ഒരു അടിസ്ഥാനഘടകമാണ് വി.ബി.എസ് (an element of Church growth).

**ലക്ഷ്യം:**

പ്രധാനപ്പെട്ട 5 ലക്ഷ്യങ്ങളാണ് വി.ബി.എസിനുള്ളത്.

1. കുട്ടികളെ യേശുവിന്റെ അടുക്കൽ കൊണ്ടു വരിക (Bring Children to Christ)
2. ദൈവവചനം അവരെ പഠിപ്പിക്കുക (Teach them word of God).
3. ക്രിസ്തീയ ജീവിതത്തിലേക്ക് അവരെ നയിക്കുക (guide them into Christian living).
4. ക്രിസ്തു സാക്ഷിയാകുവാൻ അവരെ വാർത്തെടുക്കുക (mould them into witness).
5. ദൗത്യത്തിലേക്ക് അവരെ നയിക്കുക (lead them to mission Challenge).

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുവാനുള്ള അനന്തസാധ്യതകൾ സഭയ്ക്കു മുമ്പിൽ വി.ബി.എസിലൂടെ തുറന്നു കിടക്കുമ്പോഴും ഇന്നും സുവിശേഷവിഹിത സഭകൾ പുറംതിരിഞ്ഞു നടക്കുന്നതിന്റെ മനഃശാസ്ത്രം മനസിലാകുന്നില്ല. പെന്തെക്കോസ്തു സഭകൾ ഉയർന്നു ചിന്തിക്കേണ്ട സമയങ്ങൾ കഴിഞ്ഞിരിക്കുന്നുവെന്ന സത്യമാണ് കാലത്തിന്റെ ചുവരെഴുത്ത് നമ്മെ പഠിപ്പിക്കുന്നത്. 37 കോടിയിലധികം വരുന്ന ഭാരതത്തിലെ കുട്ടികളുടെ ഭാവി നിർണ്ണയിക്കുന്ന ശുശ്രൂഷയെ അവഗണിക്കുന്നത് പരിതാപകരമായ പര്യവസാനത്തിനുള്ള കളമൊരുക്കമാണ്. ബാലവേലകൾക്ക് നിയമത്തിന്റെ വിലക്കുകൾ ഉള്ളപ്പോഴും നമുക്ക് ചുറ്റും അത് അരങ്ങു തകർത്ത് വാഴുന്നത് നിത്യകാഴ്ചയാണ്. ബാലപീഡനങ്ങൾക്ക് വിധേയരാകുന്നവരുടെ എണ്ണം ഏതൊരു കാലത്തെക്കാളും വർധിച്ചിരിക്കുന്നുവെന്ന വാർത്ത നാം അംഗീകരിക്കേണ്ട മറ്റൊരു യാഥാർഥ്യം. പതിനാലു വയസിനു താഴെയുള്ള കുട്ടികളിൽ 50% പേരും ബാലപീഡനത്തിൽ കൂടെ കടന്നു പോയിട്ടുണ്ടെന്ന ഗവൺമെന്റ് കണക്ക് നിഷേധിക്കുവാൻ കഴിയുന്നതല്ല. ഭാരതത്തിൽ ഓരോ വർഷവും 45,000 കുട്ടികളെ കാണാതാവുന്നവരുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന ലോകാരോഗ്യ സംഘടനയുടെ വെളിപ്പെടുത്തൽ ഞെട്ടിപ്പിക്കുന്നതാണ്.

ഇവിടെയാണ് വി.ബി.എസുകളുടെ പ്രസക്തി നിലനിൽക്കുന്നത്. ജീവിതത്തിന്റെ ചുവടുകൾ ഉറപ്പിക്കുന്ന കുരുന്നുകൾക്ക് പകർന്നു കൊടുക്കാവുന്നതിൽ ഏറ്റവും വിലപ്പെട്ട നിധിയാണ് ദൈവവചനം. അവധിക്കാലവേദപഠനം അവർക്ക് കാലോചിതമായ ക്രമീകൃത വേദപഠനത്തിനുള്ള വാതായനം തുറക്കുന്നു. സഭയുടെ വീക്ഷണകോണുകൾ കുട്ടികളിലേക്കും കൗമാരക്കാരിലെക്കും തിരിക്കുന്ന പക്ഷം ഭാരതത്തിന്റെ 1/3 ഭാഗത്തെയാണ് നമ്മുടെ കരങ്ങളിൽ ലഭ്യമാകുന്നത്. തിരുവചനശബ്ദം ഇന്നും സഭയ്ക്കു മുന്നിൽ പ്രതിധ്വനിക്കുന്നു. “പൈതങ്ങൾ അപ്പം ചോദിക്കുന്നു ആരും നുറുക്കിക്കൊടുക്കുന്നില്ല” (വിലാപങ്ങൾ 4:4).

മാതാപിതാക്കൾക്കും സഭയ്ക്കും ഇവിടെ തുല്യ ഉത്തരവാദിത്വമാണുള്ളത്. ശാരീരിക വളർച്ചയ്ക്ക് പോഷകാഹാരവും ബുദ്ധിവികാസത്തിനു മികവുറ്റ പാഠ്യപദ്ധതിയും നൽകുന്ന മാതാപിതാക്കൾ ഇതു ഉറപ്പു വരുത്തേണ്ടതാണ്.

എന്റെ സഭയിൽ ഒരു വി.ബി.എസ് എന്നത് സഭയുടെ ലക്ഷ്യപ്രാപ്തിയുടെ പട്ടികയിൽ അടുത്ത വർഷങ്ങളിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. കുഞ്ഞുങ്ങൾ ദീർഘകാലനിക്ഷേപങ്ങളാണ് (Children are not short term deposit but long term investment). ഇന്നത്തെ മുതൽമുടക്കുകൾ തീർച്ചയായും നാളത്തെ നിക്ഷേപങ്ങളാണ്. മറ്റു ശുശ്രൂഷകളിൽ നിന്നും തികച്ചും വ്യത്യസ്തമായി അംഗീകാരമോ, സാമ്പത്തിക നേട്ടങ്ങളോ ലഭിക്കാത്ത കുട്ടികളുടെ ഇടയിലെ ശുശ്രൂഷകളിൽ പ്രധാനപ്പെട്ട ഒന്നായ വി.ബി.എസുകൾ സംഘടിപ്പിക്കുവാൻ നമുക്ക് ഒന്നിക്കാം. രഹസ്യത്തിൽ കാണുന്ന സ്വർഗീയപിതാവ് പ്രതിഫലം വിഭാഗിക്കുമ്പോൾ നമ്മുടെ അക്കൗണ്ടിൽ ചില നിക്ഷേപങ്ങൾ സാക്ഷാത്കരിക്കപ്പെടുവാൻ നമുക്ക് സഭാ ചങ്ങലയിലെ ഒരു കണ്ണിയാകാം.





പുതിയനിയമ സഭയും പ്രവചനവും

ഡോ. തോമസ് എബ്രഹാം, കൂടൽ



സുവിശേഷപ്രസംഗകനും വേദപഠിതാവും ആയ ഡോ. തോമസ് എബ്രഹാം ദൈവനിയോഗത്താൽ വളരെ കാലികപ്രസക്തിയുള്ള ഒരു ഗ്രന്ഥമാണ് സംഭാവന ചെയ്തിരിക്കുന്നത്. ദൈവജനത്തിന്റെ അനുഗ്രഹത്തിനും, ആത്മീകവർധനവിനും മാത്രമല്ല പുതിയനിയമത്തിലെ പ്രവചനവരം സംബന്ധിച്ചുള്ള സംശയങ്ങൾ മാറുവാനും ഈ ഗ്രന്ഥം സഹായകമാണ്. കൃപാവരങ്ങൾ നിന്നു പോയിട്ടില്ല, പ്രവചനത്തിന്റെ പ്രസക്തി, ദൈവവചനവും പുതിയനിയമ പ്രവചനവും തമ്മിലുള്ള വ്യത്യാസം എന്നിത്യാദി ഒട്ടനവധി വിഷയങ്ങളെ ഈ പുസ്തകം കൈകാര്യം ചെയ്യുന്നുണ്ട്.

വില 120 രൂപ

പ്രസാധകർ ശാരോൻ ഫെലോഷിപ്പ് ചർച്ച് പബ്ലിക്കേഷൻ, ശാരോൻ, തിരുവല്ല

# സൺഡേസ്കൂൾ വാർഷിക പരീക്ഷ – 2017

# ഇവർ സംസ്ഥാന റാങ്കു ജേതാക്കൾ

## 2017 ജൂൺ 9ന് നടന്ന സംസ്ഥാനതല വാർഷിക പരീക്ഷയിൽ ഓരോ ക്ലാസ്സിലും ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയവർ



| | | | | | | | |
|---|---|---|---|---|---|---|---|
| ബെനറ്റ് ബിബി നൈനാൻ<br>വള്ളംകുളം<br>ക്ലാസ് - 3, $I^{st}$ | ബ്രില്ല്യന്റ് ജെ.<br>പൊൻമാനൂർ<br>ക്ലാസ് - 3, $II^{nd}$ | വിശ്വാസ് മുരളി<br>കൊല്ലം<br>ക്ലാസ് - 3, $III^{rd}$ | ജെസ്നാ സാബു<br>ചക്കുവരയ്ക്കൽ<br>ക്ലാസ് - 4, $I^{st}$ | അക്സാ ഷിബു<br>പ്ലാപ്പള്ളി<br>ക്ലാസ് - 4, $II^{nd}$ | സോണാ സുനു<br>കണ്ണമം<br>ക്ലാസ് - 4, $III^{rd}$ | ക്രിസ്റ്റി സുമ ഹെൻട്രി<br>കടപ്ര<br>ക്ലാസ് - 5, $I^{st}$ | ഫെലിറ്റാ സാംസൺ<br>വയല<br>ക്ലാസ് - 5, $II^{nd}$ |



| | | | | | | | |
|---|---|---|---|---|---|---|---|
| ആൻ റിയ എസ്.<br>ചൂഴംപാല<br>ക്ലാസ് - 5, $III^{rd}$ | ഷെറിൻ റെജി<br>ചക്കുവരയ്ക്കൽ<br>ക്ലാസ് - 6, $I^{st}$ | ജെസിക്കാ ബേബി<br>ഒലവക്കോട്<br>ക്ലാസ് - 6, $II^{nd}$ | പ്രെയ്സ് സജി<br>പാണംകുഴി<br>ക്ലാസ് - 6, $III^{rd}$ | ശാരോൻ തോമസ്<br>കണ്ണംപള്ളി<br>ക്ലാസ് - 7, $I^{st}$ | അക്സാ ബെന്നി<br>മനക്കച്ചിറ<br>ക്ലാസ് - 7, $II^{nd}$ | ഗിഫ്റ്റി ബിജു<br>മണ്ണടിശാല<br>ക്ലാസ് - 7, $III^{rd}$ | എസ്ഥേർ അക്സാ മാത്യു<br>കൊട്ടാരക്കര<br>ക്ലാസ് - 8, $I^{st}$ |



| | | | | | | | |
|---|---|---|---|---|---|---|---|
| ജൂബി ജോജു<br>ചാത്തങ്കേരി<br>ക്ലാസ് - 8, $II^{nd}$ | സ്നേഹ ടൈറ്റസ്<br>പൊൻമാനൂർ<br>ക്ലാസ് - 8, $III^{rd}$ | ജോയ്സ് എം.<br>പരുത്തപ്പാറ<br>ക്ലാസ് - 9, $I^{st}$ | പ്രെയ്സ് അന്ന തോമസ്<br>കാട്ടാത്താനി<br>ക്ലാസ് - 9, $II^{nd}$ | ക്രിസ്റ്റി അന്ന വർഗീസ്<br>ചാത്തങ്കേരി<br>ക്ലാസ് - 9, $III^{rd}$ | ജോവാൻ അന്ന സാം<br>മുളവന<br>ക്ലാസ് - 10, $I^{st}$ | ജീനാ എസ്.<br>മൈലപ്ര<br>ക്ലാസ് - 10, $II^{nd}$ | ഐസക്ക് തോമസ് വർഗീസ്<br>ആനന്ദപ്പള്ളി<br>ക്ലാസ് - 10, $III^{rd}$ |



| | | | | | |
|---|---|---|---|---|---|
| ഹണി കെ. എച്ച്<br>മണ്ണൂത്തി<br>ക്ലാസ് - 11, $I^{st}$ | ക്രിസ്റ്റീനാ കെ. കുര്യാക്കോസ്<br>പെരുവ<br>ക്ലാസ് - 11, $II^{nd}$ | ബ്ലെസി ജെ.<br>ആനാവൂർ<br>ക്ലാസ് - 11, $III^{rd}$ | ജിൻസി ടി. ജോർജ്<br>കുറ്റിയിൽമുക്ക്<br>ക്ലാസ് - 12, $I^{st}$ | ഷോണാ ജാർലി<br>മനക്കച്ചിറ<br>ക്ലാസ് - 12, $II^{nd}$ | ആഷ്മി സ്റ്റാൻലി<br>വട്ടകുളം<br>ക്ലാസ് - 12, $III^{rd}$ |

## 2017 ലെ മെഗാ ബൈബിൾ ക്വിസ് വിജയികൾ



| | | | | |
|---|---|---|---|---|
| ഫെബാ ജെൻസൺ<br>പേപ്പർ മിൽ<br>ഗ്രൂപ്പ് എ, $I^{st}$ | ഫെലിറ്റാ സാംസൺ<br>വയല<br>ഗ്രൂപ്പ് എ, $II^{nd}$ | ഹന്ന ഗോപകുമാർ<br>പൈങ്ങോട്ടൂർ<br>ഗ്രൂപ്പ് എ, $III^{rd}$ | പ്രെയ്സ് അന്ന തോമസ്<br>കാട്ടാത്താനി<br>ഗ്രൂപ്പ് ബി, $I^{st}$ | അലീനാ സിജി<br>ഇരുമ്പനം<br>ഗ്രൂപ്പ് ബി, $II^{nd}$ |




| | | | | | | | |
|---|---|---|---|---|---|---|---|
| അനുഗ്രഹ ബി. ജോസഫ്<br>തൃശൂർ<br>ഗ്രൂപ്പ് ബി, $III^{rd}$ | അനു ജോസഫ്<br>കീഴില്ലം<br>ഗ്രൂപ്പ് സി, $I^{st}$ | ജീനാ എസ്.<br>മൈലപ്ര<br>ഗ്രൂപ്പ് സി, $II^{nd}$ | ഹണി കെ. എച്ച്<br>മണ്ണൂത്തി<br>ഗ്രൂപ്പ് സി, $III^{rd}$ | അനു ജോൺ<br>എലിക്കാട്ടൂർ<br>ഗ്രൂപ്പ് ഡി, $I^{st}$ | ഷിലു ഷിബു<br>കായംകുളം<br>ഗ്രൂപ്പ് ഡി, $I^{st}$ | ജെൻസി ടോണി<br>പന്തല്ലൂർ<br>ഗ്രൂപ്പ് ഡി, $II^{nd}$ | റീന ഡെന്നി<br>പെരുമ്പാവൂർ<br>ഗ്രൂപ്പ് ഡി, $II^{nd}$ |

ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ പ്രവർത്തനപാതയിൽ ഇന്ന് ഏറെ മുന്നിലാണ്. സഭാ വളർച്ചയ്ക്കും കുട്ടികളുടെ ആത്മീയ ഉന്നമനത്തിനുമായി സമാനതകളില്ലാത്ത വ്യത്യസ്ത പ്രവർത്തനങ്ങളാണ് കഴിഞ്ഞ ചില വർഷങ്ങൾകൊണ്ട് അസോസിയേഷൻ നടപ്പിലാക്കുന്നത്. ഇതര സഭാ വിഭാഗങ്ങളിലെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കുപോലും മാതൃകയും വഴികാട്ടിയുമായി നമ്മുടെ സൺഡേസ്കൂൾ അസോസിയേഷൻ കർമ്മപാതയിൽ മുന്നേറുന്നു എന്നത് ദൈവകൃപകൊണ്ടു മാത്രമാണ്. കാലഘട്ടത്തിനനുസരിച്ച് പാഠാവലി പരിഷ്കരിക്കൽ, അധ്യായന വർഷമാറ്റം, നാഷണൽ ക്യാംപ്, മെഗാ ബൈബിൾ ക്വിസ്, ആത്മപ്രബോധിനി ത്രൈമാസിക, പരീക്ഷാ ക്രമീകരണങ്ങളിൽ വരുത്തിയ മാറ്റങ്ങൾ, സ്കൂൾ ഒരുക്ക സെമിനാറുകൾ തുടങ്ങിയവയൊക്കെ വിശ്വാസ മനസുകളിൽ ഒരിക്കലും മായാത്ത മുദ്രകൾപതിഞ്ഞ സംരംഭങ്ങളായിരുന്നു. 2017 - 19 വർഷത്തേക്ക് നൂതന പദ്ധതികൾക്ക് അസോസിയേഷൻ തയ്യാറെടുത്തു കഴിഞ്ഞു. എന്നും വ്യത്യസ്ത വഴികളിലൂടെ സഞ്ചരിക്കാൻ ശ്രമിച്ചിട്ടുള്ള നമ്മുടെ സൺഡേസ്കൂൾ അസോസിയേഷൻ ഈ വർഷം നടപ്പിലാക്കിയതും ചെയ്യാനുദ്ദേശിക്കുന്നതുമായ ചില പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

# വൈവിധ്യ പദ്ധതികളുമായി സൺഡേസ്കൂൾ മുന്നേറ്റം

## സഭാ ഡയറക്ടറി





ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന ശാരോൻ സഭകളെയും ശുശ്രൂഷകരെയും പരസ്പരം പരിചയപ്പെടുത്തുക, ഏതെല്ലാം സ്ഥലങ്ങളിൽ ശാരോൻ ഫെലോഷിപ്പിന് കൂടിവരവുകളുണ്ടെന്ന് അറിയുക തുടങ്ങിയ ലക്ഷ്യങ്ങളുമായി സഭാ ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ അസോസിയേഷൻ താൽപര്യപ്പെട്ടു. ഏറെ ശ്രമകരമായിരുന്ന ഈ ദൗത്യം വിജയകരമായി പൂർത്തീകരിക്കാൻ ദൈവം കൃപചെയ്തു. സഭാ കൗൺസിൽ അംഗങ്ങൾ, പ്രാദേശിക സഭാ ശുശ്രൂഷകന്മാർ, സെന്റർ പ്രതിപുരുഷന്മാർ, പുത്രികാസംഘടനകളുടെ എക്സിക്യൂട്ടീവ്, സെക്ഷൻ ഭാരവാഹികൾ തുടങ്ങിയവരുടെ ഫോട്ടോയും ഫോൺ നമ്പരുകളുമാണ് ഈ ഡയറക്ടറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പെന്തെക്കോസ്തു സഭകളിൽ തന്നെ ഒരു പുതിയ ചുവടുവെയ്പാണിത്.

## വിദ്യാഭ്യാസ സഹായം

സൺഡേസ്കൂൾ അസോസിയേഷൻ ജീവകാരുണ്യ മേഖലയിലേക്കും ശ്രദ്ധചെലുത്തുകയാണ്. സൺഡേസ്കൂൾ അധ്യാപകർ, വിദ്യാർത്ഥികൾ തുടങ്ങിയവരെ കേന്ദ്രീകരിച്ചാണ് ഇതു നടപ്പാക്കുന്നത്. പ്രാരംഭമായി, ശാരോൻ ഫെലോഷിപ്പ് ഒക്കലഹോമാ സഭയുടെ സഹകരണത്തോടെ 100 വിദ്യാർത്ഥികൾക്ക് പഠന സഹായം അടുത്ത അധ്യായന വർഷത്തിൽ നൽകാൻ ക്രമീകരണം ചെയ്തു കഴിഞ്ഞു.

## പുതിയ പാഠപുസ്തകങ്ങൾ




കേരളത്തിലെ പെന്തെക്കോസ്തു സഭകളിൽ ആദ്യമായി നേഴ്സറി പാഠപുസ്തകം പ്രസിദ്ധീകരിച്ചുകൊണ്ട് ഈ മേഖലയിലെ മാറ്റങ്ങൾക്കു വഴിതെളിച്ച നമ്മുടെ സൺഡേസ്കൂൾ അസോസിയേഷൻ പ്രീസ്കൂൾ-2 പാഠപുസ്തകം ഈ അധ്യായന വർഷം പുറത്തിറക്കുവാനായി ക്രമീകരണങ്ങൾ ചെയ്തു വരുന്നു. കിങ്ങിണിക്കുട്ടി എന്ന പേരിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ പ്രീസ്കൂൾ പുസ്തകത്തിന്റെ തുടർച്ചയാണിത്. സ്കൂളിൽ യു.കെ.ജി. തലത്തിൽ പഠിക്കുന്ന കുട്ടികൾക്കുള്ളതാണ് ഈ പാഠപുസ്തകം. ദൈവത്തിന്റെ അതുല്യതയ്ക്കും പ്രത്യേകതയ്ക്കും പ്രാധാന്യം നൽകിയാണ് ഇതിലെ പാഠങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

ഇതു കൂടാതെ 12-ാം ക്ലാസ് പൂർത്തിയാക്കിയവരിൽ താൽപര്യമുള്ളവർക്ക് തുടർന്ന് സൺഡേസ്കൂൾ പഠിക്കാനായി സീനിയർ ക്ലാസ് എന്ന ഒരു പുസ്തകം കൂടി പ്രസിദ്ധീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. മാത്രമല്ല, അധ്യാപകർക്കായി ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, പാഠങ്ങൾ തയ്യാറാക്കേണ്ട വിധം, പഠനത്തിന്റെ ലക്ഷ്യം തുടങ്ങിയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി 'അധ്യാപന സഹായി' എന്ന കൈപുസ്തകവും പ്രസിദ്ധീകരിക്കുന്നു. കൂടാതെ പരിഷ്കരിച്ച 8-ാം ക്ലാസിലെ പാഠപുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷ ഈ വർഷം പ്രസിദ്ധീകരിക്കുവാൻ ദൈവം കൃപ ചെയ്തു.

## പ്രീമാരിറ്റൽ കൗൺസലിങ്ങ്



വർധിച്ചു വരുന്ന വിവാഹമോചനങ്ങൾ ആധുനീക സമൂഹത്തിന്റെ ശാപമാണ്. ഇതിനു നടുവിൽ ആരോഗ്യകരമായ കുടുംബജീവിതം നയിക്കുന്നതിനായി നമ്മുടെ യുവജനങ്ങളെ ഒരുക്കുക എന്ന ലക്ഷ്യവുമായി പ്രീമാരിറ്റൽ കൗൺസലിങ്ങ് കോഴ്സിന് അസോസിയേഷൻ ആരംഭം കുറിക്കുന്നു. പ്രാരംഭമായി 2018 ജനുവരി മുതൽ കേരളത്തിലെ 6 പ്രധാന കേന്ദ്രങ്ങളിൽ (തൃശൂർ, എറണാകുളം, തിരുവല്ല, കൊട്ടാരക്കര, തിരുവനന്തപുരം, അടിമാലി) ഈ കോഴ്സ് ക്രമീകരിച്ചിരിക്കുന്നു. രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നീളുന്ന ദ്വിദിന സെമിനാറാണിത്. പങ്കെടുക്കുന്നവർക്ക് അംഗീകൃത സർട്ടിഫിക്കറ്റ് നൽകും.

## നാഷണൽ ക്യാംപ്



അധ്യാപകരെയും വിദ്യാർഥികളെയും സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ടുള്ള നാഷണൽ ക്യാംപ് കഴിഞ്ഞ നാലു വർഷങ്ങൾ തുടർമാനമായി മധ്യവേനലവധിക്ക് ക്രമീകരിച്ചിരുന്നു. 2018 ഏപ്രിൽ മാസത്തിലും ത്രിദിന ക്യാംപ് നടത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ടീനേജ് വിദ്യാർഥികൾക്കും അധ്യാപകർക്കും പ്രത്യേക സെക്ഷനുകളായി തിരിച്ചാണ് ക്യാംപ് നടക്കുന്നത്.

## മെഗാ ബൈബിൾ ക്വിസ്

സൺഡേസ്കൂൾ അധ്യാപകരുടെയും വിദ്യാർഥികളുടെയും ബൈബിൾ ജ്ഞാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ നാലു വർഷമായി മെഗാ ബൈബിൾ ക്വിസ് സംഘടിപ്പിച്ചുവരുന്നു. 2018 ഒക്ടോബറിൽ വിവിധ കേന്ദ്രങ്ങളിൽ വെച്ച് ഈ ക്വിസ് മത്സരം നടക്കും.




## സൺഡേസ്കൂൾ ദിനം

എല്ലാ വർഷവും അഖില ലോക സൺഡേസ്കൂൾ ദിനമായ നവംബർ ആദ്യ ഞായറാഴ്ച ശാരോൻ സൺഡേസ്കൂൾ അസോസിയേഷനും സൺഡേസ്കൂൾ ദിനമായി വേർതിരിച്ചിരിക്കുന്നു. അധ്യാപകരുടെയും വിദ്യാർഥികളുടെയും പ്രത്യേക പ്രോഗ്രാമുകൾ, റാലി തുടങ്ങിയവ ഇതിനോടനുബന്ധിച്ച് നടക്കും. കൂടാതെ സൺഡേസ്കൂൾ അസോസിയേഷൻ നിർദ്ദേശിക്കുന്ന പ്രത്യേക വിഷയങ്ങൾക്കായി സഭായോഗ മദ്ധ്യത്തിൽ എല്ലാ ലോക്കൽ സഭകളിലും പ്രത്യേക പ്രാർഥനയും ഉണ്ട്. കേന്ദ്ര സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കായി പ്രത്യേക സ്തോത്രകാഴ്ചയും അന്നേ ദിവസം ശേഖരിക്കുന്നു.



ഡോ. റ്റി.പി. ഏബ്രഹാം
പാസ്റ്റർ ഏബ്രഹാം മന്ദമരുതി

## ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പ്രഥമ കൺവൻഷൻ ഓർമ്മകൾ

# മലങ്കര മറക്കാത്ത ഉണർവ്വ്




സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ നിന്നുള്ളവർ ശാരോനിലേക്ക് എത്തി. ചിലർ ദിവസങ്ങളോളം താമസിച്ച് മീറ്റിംഗിൽ സംബന്ധിച്ചുകൊണ്ടിരുന്നു. അവസാന ആഴ്ചകളിൽ ഓരോ രാത്രിയോഗങ്ങളിലും 80,000 ത്തിലധികം പേർ പങ്കെടുത്തു. ശാരോൻ കോമ്പൗണ്ടിലും അടുത്ത പുരയിടങ്ങളിലും ജനം നിറഞ്ഞുകവിഞ്ഞിട്ട് എം.സി.റോഡിൽ ഗതാഗത കുരുക്കുപോലും പല ദിവസങ്ങളിലും ഉണ്ടായിട്ടുണ്ട്. അന്നൊരു ദിവസം കേരള ആഭ്യന്തരമന്ത്രി ശ്രീ. ടി.എം.വർഗീസ് തിരുവല്ലാവഴി പോകുമ്പോൾ ഗതാഗത കുരുക്കിൽപ്പെട്ട് ഏറെനേരം ബുദ്ധിമുട്ടിയെന്നും കാറിൽ നിന്നിറങ്ങി എന്താണ് സംഭവിക്കുന്നതെന്ന് ചോദിച്ചു മനസിലാക്കിയാണ് അദ്ദേഹം യാത്ര തുടർന്നതെന്നും മിസിസ് ഏലിയാമ്മ തോമസ് ഒരിക്കൽ അനുസ്മരിച്ചിട്ടുണ്ട്.

**1953** ഡിസംബറിലെ ഒരു സന്ധ്യാസമയം. അമേരിക്കൻ മിഷനറിയായ റവ. എം.എ.ദാവൂദും ഭാര്യയും തിരുവല്ലായിൽ വന്നിറങ്ങി. പായിപ്പാട്ട് താമസിക്കുന്ന റവ.ജോർജ്ജ് ഫിലിപ്പിനെ സന്ദർശിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. സൗത്ത് ആഫ്രിക്കയിൽ ഇവർ നടത്തിയ ഒരു ക്രൂസേഡിൽ റവ.ജോർജ്ജ് ഫിലിപ്പ് സംബന്ധിച്ചിരുന്നു. അവിടെ വെച്ച് ഇവർ തമ്മിൽ പരിചയപ്പെടുകയും അദ്ദേഹം പായിപ്പാട്ടേക്ക് ഈ മിഷനറിയെ ക്ഷണിക്കുകയും ചെയ്തു. അതനുസരിച്ച് കപ്പൽമാർഗ്ഗം ബോംബെയിൽ എത്തിയ ഇവർ ട്രെയിനിൽ എറണാകുളത്തു വന്നു. എറണാകുളത്തുനിന്നും ബസ് മാർഗ്ഗമാണ് തിരുവല്ലായിലെത്തിയത്. റവ. ഫിലിപ്പിന്റെ താമസസ്ഥലം സന്ദർശിച്ചശേഷം, തിരുവല്ലയിൽ ഒരു ക്രൂസേഡ് നടത്തുവാൻ താല്പര്യപ്പെട്ട് ഈ ദമ്പതികൾ പാസ്റ്റർ പി.ജെ. തോമസിന്റെ വസതിയിലെത്തി.

മുൻ പരിചയങ്ങളൊന്നുമില്ലാത്ത പാസ്റ്റർ തോമസ് അവരെ സസന്തോഷം സ്വീകരിച്ചു. വിശ്രമവേളയിൽ പാസ്റ്റർ തോമസുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ദൈവാത്മ നിയോഗമുള്ളതിനാൽ തിരുവല്ലായിൽ ഒരു യോഗം ക്രമീകരിക്കുന്നതിനുള്ള താല്പര്യം അവർ അദ്ദേഹത്തെ അറിയിച്ചു. പാസ്റ്റർ പി.ജെ.തോമസും ബൈബിൾ സ്കൂൾ അദ്ധ്യാപകരും ആ ആവശ്യം സന്തോഷപൂർവ്വം അംഗീകരിക്കുകയും, ആ സന്ധ്യയിൽ തന്നെ ഒരു മീറ്റിംഗ് ശാരോൻ ഭവനത്തിൽ ആരംഭിക്കുകയും ചെയ്തു. അൻപതു പേരോളം ആദ്യമീറ്റിംഗിൽ സംബന്ധിച്ചിരുന്നു. പ്രഥമ രാത്രി തന്നെ പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനം കൂടിവന്നവർക്ക് അനുഭവവേദ്യമായി. അതുകൊണ്ടുതന്നെ ചില ദിവസങ്ങൾകൂടി ഈ മീറ്റിംഗ് തുടരുവാൻ അവർ തീരുമാനിച്ചു. നിരവധി വ്യക്തികൾ ദിവസവും പങ്കെടുത്തുകൊണ്ടിരുന്നു.

ജനം പ്രവഹിക്കുവാൻ തുടങ്ങിയതോടെ ഒരാഴ്ചക്കുശേഷം മീറ്റിംഗ് കോമ്പൗണ്ടിൽ പന്തലിട്ട് അവിടേക്കുമാറ്റി. യാതൊരു പരസ്യങ്ങളും ഇല്ലാതിരുന്നിട്ടും ദിവസങ്ങൾ പിന്നിടുംതോറും അറിഞ്ഞും കേട്ടും ജനക്കൂട്ടം ശാരോനിലേക്കു വന്നുകൊണ്ടിരുന്നു. പരിശുദ്ധാത്മാവിന്റെ വലിയ പ്രവർത്തനംമൂലം ഈ മീറ്റിംഗുകൾ കൃപാവരങ്ങളുടെ പ്രദർശനശാലയായി മാറി. ആദ്യ നൂറ്റാണ്ടിനെ അനുസ്മരിപ്പിച്ചുകൊണ്ട് അത്ഭുതങ്ങളാലും അടയാളങ്ങളാലും ദൈവം തന്റെ ജനത്തെ സന്ദർശിച്ചുകൊണ്ടിരുന്നു. സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ നിന്നുള്ളവർ ശാരോനിലേക്ക് എത്തി. ചിലർ ദിവസങ്ങളോളം താമസിച്ച് മീറ്റിംഗിൽ സംബന്ധിച്ചുകൊണ്ടിരുന്നു. അവസാന ആഴ്ചകളിൽ ഓരോ രാത്രിയോഗങ്ങളിലും 80,000 ത്തിലധികം പേർ പങ്കെടുത്തു. ശാരോൻ കോമ്പൗണ്ടിലും അടുത്ത പുരയിടങ്ങളിലും ജനം നിറഞ്ഞുകവിഞ്ഞിട്ട് എം.സി.റോഡിൽ ഗതാഗത കുരുക്കുപോലും പല ദിവസങ്ങളിലും ഉണ്ടായിട്ടുണ്ട്. അന്നൊരു ദിവസം കേരള ആഭ്യന്തരമന്ത്രി ശ്രീ. ടി.എം.വർഗീസ് തിരുവല്ലാവഴി പോകുമ്പോൾ ഗതാഗത കുരുക്കിൽപ്പെട്ട് ഏറെനേരം ബുദ്ധിമുട്ടിയെന്നും കാറിൽ നിന്നിറങ്ങി എന്താണ് സംഭവിക്കുന്നതെന്ന് ചോദിച്ചു മനസിലാക്കിയാണ് അദ്ദേഹം യാത്ര തുടർന്നതെന്നും മിസിസ് ഏലിയാമ്മ തോമസ് ഒരിക്കൽ അനുസ്മരിച്ചിട്ടുണ്ട്.

ഈ യോഗങ്ങളിൽ സ്ട്രെക്ച്ചറിൽ കൊണ്ടുവരപ്പെട്ട രോഗികൾ സൗഖ്യം പ്രാപിച്ച് എഴുന്നേറ്റു നടന്നു. ഭൂതങ്ങൾ അലറി ഓടി. കുരുടർ കാണുകയും ചെകിടർ കേൾക്കുകയും ചെയ്തു. മാറാവ്യാധികളാൽ വലഞ്ഞിരുന്ന ഒരു വലിയ ജനസമൂഹത്തെ ദൈവം സ്വതന്ത്രമാക്കി. മെല്ലിച്ച ശരീരവും ആറടി ഉയരവുമുള്ള ദാവൂദ് എന്ന ദൈവഭൃത്യനെ കർത്താവ് കരങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരുന്നു. മീറ്റിംഗുകൾ കഴിയുമ്പോൾ പ്രത്യേക പ്രാർത്ഥനയ്ക്കായി ഒരു വലിയ നിരതന്നെ കാത്തുനില്ക്കുമായിരുന്നു.

അന്നത്തെ വർത്തമാനപത്രങ്ങൾ വലിയ പ്രാധാന്യത്തോടെ ഈ സംഭവങ്ങൾ ഫോട്ടോ സഹിതം റിപ്പോർട്ടു ചെയ്തുകൊണ്ടിരുന്നു. മലയാള മനോരമ ദിനപത്രം പ്രതിദിനം സൗഖ്യമാകുന്ന രോഗികളുടെ അനുഭവങ്ങളും സാക്ഷ്യങ്ങളും രേഖപ്പെടുത്തി. “കിടക്കയോടുകൂടി കൊണ്ടുവരപ്പെട്ട രോഗികൾ പ്രാർത്ഥനയാൽ സൗഖ്യമായി. എട്ടുവർഷമായി ഒരേ കിടക്കയിലായിരുന്ന ഒരു തളർവാത രോഗി ചാടി എഴുന്നേറ്റു. രണ്ടു വർഷമായി അന്ധനായിരുന്ന ഒരു മനുഷ്യന് പ്രാർത്ഥനയാൽ കാഴ്ച ലഭിച്ചു.” (മലയാള മനോരമ, 1953 ഡിസംബർ 16 പേജ് 4). “മന്ത്രവാദികൾ പരസ്യമായി യേശുവിനെ സാക്ഷിക്കുകയും അവരുടെ പുസ്തകങ്ങൾ ചുട്ടുകരിക്കുകയും ചെയ്തു. (മനോരമ ഡിസംബർ 22).”

23 ദിവസങ്ങൾ നീണ്ടുനിന്ന ഈ ഉണർവ്വുയോഗങ്ങളുടെ ഫലമായി മൂവായിരത്തിലധികം പേർ യേശുവിനെ രക്ഷകനായി സ്വീകരിക്കുകയും ഒരു വലിയ ജനക്കൂട്ടം കർത്താവിനെ ജലത്തിൽ സാക്ഷിക്കുകയും ചെയ്തു. മലങ്കര കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ ഉണർവ്വുകളിലൊന്നായിരുന്നു ഇത്. കേരളത്തിൽ പെന്തെക്കോസ്തു സത്യങ്ങൾ വളരെവേഗം പ്രചരിക്കുന്നതിന് ഈ യോഗങ്ങൾ വലിയ സംഭാവനയാണ് നൽകിയത്. യഥാർത്ഥത്തിൽ ഇത് കേവലം ഒരു ഉണർവ്വുയോഗം മാത്രമായിരുന്നില്ല. ഒരു വലിയ സഭാ പ്രസ്ഥാനം ജന്മമെടുക്കുന്നതിന്റെ നാന്ദികൂടിയായിരുന്നു.

**(പാസ്റ്റർ പി.ജെ. തോമസ്: ആർദ്രതയുടെ അപ്പൊസ്തലൻ** *എന്ന ഗ്രന്ഥത്തിൽ നിന്നും)*

**B.T.C.M. BOYS HOSTEL**

Chellarcovil P.O., Kumily, Idukki Dist, Kerala

Ph: 0486 8283589, 0469 2618036, Mob : 9495509417





കഴിഞ്ഞ പതിനേഴിൽപരം വർഷങ്ങളായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ആശ്വാസമായി നിലകൊള്ളുന്ന സ്ഥാപനം.

ഭക്ഷണം, താമസം, പഠനം എന്നിവ തികച്ചും സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.

മികച്ച ഭക്ഷണം
ശിക്ഷണം
പഠനം


പാസ്റ്റർ ബോസ് എം. കുരുവിള
(സെക്രട്ടറി)

റവ.വിൽസൺ പി. ജോർജ്
(ഡയറക്ടർ)

**ഇന്ത്യയിൽ കഴിഞ്ഞ വർഷമുണ്ടായ ഇന്റർനെറ്റ് വിപ്ലവം ഏവരും അറിഞ്ഞതാണ്. ഇത് മൂലം ജനതയുടെ ബൗദ്ധിക നിലവാരം ഉയർന്നതായോ, ഉന്നതവിജയങ്ങൾ നേടിയതായോ അറിയില്ല, എന്നാൽ അശ്ലീല സൈറ്റുകളിൽ കയറുന്നവരുടെ എണ്ണം പതിന്മടങ്ങു വർദ്ധിച്ചു. യുവജനങ്ങൾ ഇത്തരം ശീലങ്ങളിൽ അടിമപ്പെട്ടു പോകുന്നു. സ്വന്തശരീരത്തിന്റെ മോഹങ്ങളിൽ വശീകരിക്കപ്പെട്ടു പോകുന്നു. "ആ വൃക്ഷം തിന്മാൻ നല്ലതും, കാണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിക്കാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു. ജ്ഞാനസമ്പാദനത്തിന് നെറ്റ് ഉപയോഗിക്കുന്നവർ, കാണ്മാൻ ഭംഗിയുള്ള മായികലോകത്തിൽ വീണു പോകുന്നു.**



# ഇന്റർനെറ്റ്: ചതിക്കുന്ന മായാലോകം



ബിനു വർഗീസ്

സഭാപ്രസംഗി പറയുന്നു, ഹാ മായ മായ സകലവും മായയത്രേ.

1960 കളിൽ അമേരിക്കയിൽ സൈനീക ആവശ്യങ്ങൾക്കായി വികസിപ്പിച്ച അർപ്പാനെറ്റാണ് ഇന്റർനെറ്റിന്റെ ആദ്യ രൂപം. വാണിജ്യ ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കപ്പെടുകയും പിന്നീട് ലോകമെമ്പാടും വ്യാപിക്കുകയും ചെയ്തു.

ഇന്റർനെറ്റുമായി ബന്ധപ്പെടുത്തിയ വിവിധ കമ്പ്യൂട്ടറുകളിൽ ശേഖരിച്ച് വച്ചിരിക്കുന്ന പ്രമാണങ്ങളുടെ കൂട്ടമാണ്. www എന്നറിയപ്പെടുന്ന വേൾഡ് വൈഡ് വെബ്. ഇങ്ങനെ ശേഖരിച്ചു വച്ചിരിക്കുന്ന ഡാറ്റകളുടെ കൈമാറ്റമായിരുന്നു ഇന്റർനെറ്റിന്റെ ഉപയോഗം. എന്നാൽ ഇന്ന് വിവരങ്ങളുടെ ശേഖരണം, കൈമാറ്റം എന്ന തലം വിട്ട്, സാങ്കേതികവിദ്യയുടെ സഹായത്താൽ മറ്റൊരു ലോകം തന്നെ ഇന്റർനെറ്റ് നിർമ്മിച്ചിരിക്കുന്നു. കാണപ്പെടുന്ന ലോകത്തിൽ, സ്ഥിരതയില്ലാത്തതു കൊണ്ട് പലതും നശ്വരമായി (മായ) ഗണിക്കപ്പെട്ടിരുന്നു. എന്നാൽ ഈ നശ്വരമായ ലോകത്തിന് സമാന്തരമായി മറ്റൊരു മായാലോകം നിലനിൽക്കുന്നു. ആർക്കും എന്തും നൽകാൻ തയ്യാറായി ഇന്റർനെറ്റിന്റെ ഒരു മായിക ലോകം. അവിടെ ലഭ്യമല്ലാത്തത് ഒന്നുമില്ല, വിദ്യ, സാങ്കേതിക വിവരങ്ങൾ, വിജ്ഞാനം, വിനോദം അങ്ങനെ എന്തും. പണവും ഇപ്പോൾ ഡാറ്റായുടെ കൈമാറ്റമായി മാറി. ഇന്റർനെറ്റ്, ലോകത്തെ ഒരു മുറിയിൽ ഒതുങ്ങുന്ന വ്യാപാരകേന്ദ്രമാക്കി മാറ്റി. പ്രത്യേകിച്ചും സുഖലോലുപതയുടെ വ്യാപാരകേന്ദ്രം ലോകജനതയിൽ വലിയ സ്വാധീനം ഉള്ള ഇന്റർനെറ്റ്, മനുഷ്യനെ ചതിക്കുന്നതിലും ഏറ്റവും മുൻപന്തിയിലാണ്. മനുഷ്യൻ ഉറങ്ങുമ്പോൾ, സാത്താൻ ഹവ്വായെ ഉപായത്താൽ ചതിച്ചത് പോലെ രഹസ്യമായി (മറ്റുള്ളവർ കാണാതിരിക്കുമ്പോൾ) മനുഷ്യജാതിയെ, ഉപായത്താൽ, വശീകരണതന്ത്രങ്ങളാൽ ചതിച്ചു തെറ്റിച്ചു കളയുന്നു.

ആദ്യകാലങ്ങളിൽ ഇന്റർനെറ്റിന്റെ ലഭ്യതയും വേഗതയും വളരെ കുറവായിരുന്നു. എന്നാൽ ഇന്ന് വിരൽത്തുമ്പിൽ അതിവേഗതയിൽ ലഭ്യമാകുന്നു ഇന്ന് എല്ലാ അകൃത്യത്തിന്റെയും ദുഷ്പ്രവർത്തികളുടെയും കാരണമാകുന്ന ഈ വലകണ്ണി.

ഭ്രമിപ്പിക്കുന്ന മായാലോകത്തിലെ ചതിക്കുഴികൾ നാം അറിയാതെ പോകരുത്. അതിവേഗ ഇന്റർനെറ്റ് വിലകുറഞ്ഞ ഫോണുകളിലും മാനവരാശിയെ മുഴുവൻ അടിമത്തത്തിലാക്കാൻ സാത്താൻ ശ്രമിക്കുന്നു.

ലോകത്തിൽ ദാരിദ്ര്യം തുടച്ചു നീക്കാൻ കഴിയാതിരിക്കുമ്പോഴാണ് സൗജന്യ ഇന്റർനെറ്റിനു വേണ്ടി ദശലക്ഷക്കണക്കിനു കോടികൾ ചിലവഴിക്കുന്നത്. സൗജന്യങ്ങൾ ഒരിക്കലും സൗജന്യങ്ങൾ അല്ല എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

സൗജന്യദാതാക്കൾ നിങ്ങളുടെ വിലപ്പെട്ട രഹസ്യങ്ങളും, അറിവുകളും രേഖകളും കവർന്നെടുക്കുന്നു. സാത്താൻ ഹവ്വയോട് ചോദിച്ചു "ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ?" ദൈവം മനുഷ്യന് നൽകിയ നിർദ്ദേശം, നിരുപദ്രവം എന്ന് തോന്നുന്ന ചോദ്യത്തിലൂടെ കവരുവാൻ സാത്താനു കഴിഞ്ഞു. മാത്രമല്ല അത് ഉപയോഗിച്ച് മനുഷ്യനെ ദൈവത്തിൽ നിന്ന് അകറ്റുവാനും കഴിഞ്ഞു.

പലപ്പോഴും നമുക്ക് ആവശ്യമില്ലാത്തത് നാം കാണേണ്ടി വരുന്നു. പരസ്യം എന്ന നിലയിൽ കണ്ണിന് ഇമ്പമായത് നൽകുകയും, ചൂണ്ടയിൽ ഇര കോർത്ത് വലിയ മീനുകളെ പിടിക്കുന്നതു പോലെ പാപത്തിന്റെ നിലയില്ലാ കയത്തിലേക്കു തള്ളിവിടുകയും ചെയ്യുന്നു.

ഇന്ത്യയിൽ കഴിഞ്ഞ വർഷമുണ്ടായ ഇന്റർനെറ്റ് വിപ്ലവം ഏവരും അറിഞ്ഞതാണ്. ഇത് മൂലം ജനതയുടെ ബൗദ്ധിക നിലവാരം ഉയർന്നതായോ, ഉന്നതവിജയങ്ങൾ നേടിയതായോ അറിയില്ല, എന്നാൽ അശ്ലീല സൈറ്റുകളിൽ കയറുന്നവരുടെ എണ്ണം പതിന്മടങ്ങു വർദ്ധിച്ചു. യുവജനങ്ങൾ ഇത്തരം ശീലങ്ങളിൽ അടിമപ്പെട്ടു പോകുന്നു. സ്വന്തശരീരത്തിന്റെ മോഹങ്ങളിൽ വശീകരിക്കപ്പെട്ടു പോകുന്നു. "ആ വൃക്ഷം തിന്മാൻ നല്ലതും, കാണ്മാൻ ഭംഗിയുള്ളതും, ജ്ഞാനം പ്രാപിക്കാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു. ജ്ഞാനസമ്പാദനത്തിന് നെറ്റ് ഉപയോഗിക്കുന്നവർ, കാണ്മാൻ ഭംഗിയുള്ള മായികലോകത്തിൽ വീണു പോകുന്നു.

സാമ്പത്തിക തട്ടിപ്പുകൾ, മാനസിക പ്രശ്നങ്ങൾ, കുലപാതകങ്ങൾ, ലഹരി, ആത്മഹത്യ, വിവാഹമോചനങ്ങൾ, അങ്ങനെ എല്ലാ തിന്മകളും നെറ്റ് വഴി ലഭിക്കും. വീണു പോകാതിരിക്കാൻ നിരന്തര പ്രാർത്ഥനയും ദൈവീക ജ്ഞാനവും ആവശ്യം.

ഇന്ത്യയിൽ അശ്ലീല സൈറ്റുകളുടെ എണ്ണം വർദ്ധിക്കുന്നു. ഇന്റർനെറ്റിനു മുമ്പിൽ നിരവധി കൗമാരക്കാരുടെ ജീവിതം കുടുങ്ങുന്നു. ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ പാടില്ല എന്നാണ് പൊതുസമൂഹം പഠിപ്പിക്കുന്നത്. നിയമം മൂലം നിയന്ത്രിക്കുവാൻ സാത്താൻ ഭരണാധികാരികളെ അനുവദിക്കുന്നതുമില്ല. നമ്മുടെ തലമുറയ്ക്കായി പ്രാർത്ഥിക്കുവാനല്ലാതെ മറ്റൊന്നും കഴികയില്ല.

നല്ല കാര്യങ്ങൾക്കായി മാത്രം നെറ്റ് ഉപയോഗിക്കുക. ഫേസ്ബുക്ക്, വാട്സ്ആപ്പ് എന്നിവയുടെ ചതി തിരിച്ചറിഞ്ഞ് അടിമപ്പെടാതെ ഉപയോഗിക്കുക. സ്വകാര്യവിവരങ്ങൾ ഷെയർ ചെയ്യാതിരിക്കുക. രഹസ്യമായി ഇന്റർനെറ്റ് ബ്രൗസ് ചെയ്യാതിരിക്കുക, പരസ്യലിങ്കുകൾ ഉപയോഗിക്കാതിരിക്കുക. ഇന്റർനെറ്റിന്റെ ഉപയോഗത്തിൽ അച്ചടക്കം പാലിക്കുക.

സദൃശ്യവാക്യങ്ങൾ 2:1–10 ദൈവികപരിജ്ഞാനം നേടി ഇരുണ്ട വഴികളിൽ നിന്ന് മോചനം പ്രാപിക്കാം. തീർത്തും സൗജന്യമായി ലഭിക്കുന്ന, ക്രിസ്തുവിലൂടെയുള്ള രക്ഷ കരസ്ഥമാക്കി, മായയായ ലോകത്തിനു വേണ്ടി ജീവിക്കാതെ ദൈവം കൈപ്പണിയായി പണിതതും, അടിസ്ഥാനമിട്ടതുമായ ഭവനത്തിനായി നമുക്ക് അധ്വാനിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ.


## ബ്ലസ്സ് പള്ളിമുക്ക് 2017

## സുവിശേഷ മഹായോഗം

**ശാരോൻ ഫെലോഷിപ്പ് ചർച്ച്, മാങ്കാംകുഴി**
(വെട്ടിയാർ തെക്ക് പള്ളിമുക്കിന് സമീപം)

**2017 ഡിസംബർ 13 മുതൽ 17 വരെ**
(എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ)

**പ്രസംഗകർ**

പാസ്റ്റർ ഫിന്നി ജേക്കബ് (മാവേലിക്കര)
പാസ്റ്റർ വർഗീസ് എബ്രഹാം (റാന്നി)
പാസ്റ്റർ പ്രിൻസ് തോമസ് (റാന്നി)
പാസ്റ്റർ പി.സി. ചെറിയാൻ (റാന്നി)

ഗാനശുശ്രൂഷ
ഗോസ്പൽ എക്കോസ്
വെണ്ണിക്കുളം

പാസ്റ്റർ എൻ.റ്റി. ബാബു
സഭാ ശുശ്രൂഷകൻ
9747432522

ബ്രദർ എം. കുഞ്ഞച്ചൻ
(സെക്രട്ടറി)
9447959855

**ഏവർക്കും സ്വാഗതം**

www.sharonsundayschool.org

# ATHMAPRABODHINI

SHARON FELLOWSHIP CHURCH SUNDAY SCHOOL ASSOCIATION

P.O. Box 94
Thiruvalla-689101
Kerala-India
Ph: 9447861098,9847665044
Email :sfssatiruvalla@gmail.com

## സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്




റവ. ബിജു ഈപ്പൻ സന്ദേശം നല്കുന്നു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 18 -ന് തിരുവല്ല ശാരോനിൽ ലീഡേഴ്സ് മീറ്റ് നടന്നു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിച്ചു. റവ. ബിജു ഈപ്പൻ (തിമഥി ഇൻസ്റ്റിറ്റ്യൂട്ട്) മുഖ്യ സന്ദേശം നല്കി. ബ്രദർ റോഷി തോമസ് പ്രവർത്തന വിശദീകരണം നൽകി. മെഗാ ബൈബിൾ ക്വിസിനെക്കുറിച്ച് പാസ്റ്റർ ബിജു ജോസഫും വാർഷിക പരീക്ഷയെക്കുറിച്ച് ബ്രദർ കെ. തങ്കച്ചനും സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് ബ്രദർ കോശി മാത്യുവും ഡയറക്ടറിയെക്കുറിച്ച് പാസ്റ്റർ പി.എ. ചാക്കോച്ചനും പ്രസ്താവനകൾ നടത്തി. ബ്രദർ കെ. ഇ. ജോർജുകുട്ടി സ്വാഗതവും ബ്രദർ റ്റി. തങ്കച്ചൻ നന്ദിയും പറഞ്ഞു. സൺഡേസ്കൂൾ അസോസിയേഷൻ ജനറൽ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, കേരളത്തിലെ സെക്ഷൻ/സെന്റർ ചെയർമാന്മാർ, സെക്രട്ടറിമാർ തുടങ്ങിയവരാണ് ഈ മീറ്റിംഗിൽ സംബന്ധിച്ചത്.

## അഭിനന്ദനങ്ങൾ



സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടത്തിയ സി.വി.രാമൻ ഉപന്യാസ മത്സരത്തിൽ എ-ഗ്രേഡ് നേടിയ ക്രിസ്റ്റി അന്ന വർഗ്ഗീസ്. ചാത്തങ്കേരി ശാരോൻ ഫെലോഷിപ്പ് ചർച്ച് അംഗവും സൺഡേസ്കൂൾ വിദ്യാർഥിനിയുമായ ക്രിസ്റ്റിക്ക് സൺഡേസ്കൂൾ അസോസിയേഷന്റെ അഭിനന്ദനങ്ങൾ.

***



സംസ്ഥാന സാമൂഹ്യശാസ്ത്രമേളയിൽ പ്രസംഗത്തിന് ഒന്നാം സ്ഥാനവും എ ഗ്രേഡും നേടിയ സോജു സി. ജോസ് ഐവർകാലാ ശാരോൻ ഫെലോഷിപ്പ് ചർച്ച് അംഗവും സൺഡേസ്കൂൾ വിദ്യാർഥിയുമായ സോജുവിന് സൺഡേസ്കൂൾ അസോസിയേഷന്റെ അഭിനന്ദനങ്ങൾ.

***



വയനാട് ജില്ലാ സ്പോട്സ് മീറ്റിൽ 100 മീറ്റർ ഓട്ടത്തിൽ വേഗമേറിയ താരമായി തെരഞ്ഞെടുക്കപ്പെട്ട ഷെറിൻ ഷനോജ്. ബത്തേരി ശാരോൻ സഭാ ശുശ്രൂഷകനായ പാസ്റ്റർ എം. ജെ. ഷനോജിന്റെ മകനാണ്. സൺഡേസ്കൂൾ അസോസിയേഷന്റെ അഭിനന്ദനങ്ങൾ.

## ആവേശമുയർത്തി സൺഡേസ്കൂൾ ദിനം








**തിരുവല്ല:** ഇക്കഴിഞ്ഞ നവംബർ 5 ഞായറാഴ്ച ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ സൺഡേസ്കൂൾ ദിനമായി വേർതിരിച്ചിരുന്നു. ഫെലോഷിപ്പിലെ മിക്കവാറും എല്ലാ പ്രാദേശിക സഭകളും വളരെ ആവേശത്തോടെയാണ് സൺഡേസ്കൂൾ ദിനത്തെ സ്വീകരിച്ചത്. സഭാ യോഗത്തോടു ചേർന്ന് അധ്യാപകരുടെയും വിദ്യാർഥികളുടെയും പ്രത്യേക പ്രോഗ്രാമുകൾ, റാലി എന്നിവ ചില സഭകൾ സംഘടിപ്പിച്ചു. കൂടാതെ സഭായോഗത്തിൽ പ്രാർഥന, സങ്കീർത്തന പാരായണം, ലഘു പ്രസംഗം തുടങ്ങിയുള്ള ശുശ്രൂഷകളിൽ വിദ്യാർഥികൾക്ക് പങ്കാളിത്തം നൽകി.

സൺഡേസ്കൂളിന്റെ ചരിത്രം, ശാരോൻ ഫെലോഷിപ്പിലെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കണവും നടന്നു. മാത്രമല്ല, സൺഡേസ്കൂൾ അസോസിയേഷൻ നൽകിയ നാലു വിഷയങ്ങൾക്കായി പ്രത്യേക പ്രാർഥന സഭകളിൽ നടന്നു. കേന്ദ്രകമ്മറ്റിയുടെ അഭ്യർഥന അനുസരിച്ച് പ്രത്യേക സ്തോത്രകാഴ്ച ശേഖരണവും ഉണ്ടായിരുന്നു.

വരുവീൻ! സംബന്ധിപ്പിൻ! അനുഗ്രഹം പ്രാപിപ്പീൻ!!

# ശാരോൻ ഫെലോഷിപ്പ് ചർച്ച്

## 7-ാമത് ചെങ്കുളം സെക്ഷൻ
## കൺവൻഷൻ – 2018

സ്ഥലം : ചെങ്കുളം ശാരോൻ ഗ്രൗണ്ട് (മരുതമൺപള്ളി)
തീയതി : ജനുവരി 24 ബുധൻ മുതൽ 28 ഞായർ വരെ
സമയം : എല്ലാ ദിവസവും വൈകിട്ട് 6 മണി മുതൽ 9.30 വരെ

ഉദ്ഘാടനം

പാസ്റ്റർ റ്റി.ജി. ജോർജ്ജുകുട്ടി (കൊട്ടാരക്കര റീജിയൻ പ്രസിഡന്റ്)
റവ.ഡോ. റ്റി.ജി. കോശി (പ്രസിഡന്റ് എഫ്.റ്റി.എസ്, മണക്കാല)
പാസ്റ്റർ വർഗീസ് ഏബ്രഹാം (റാന്നി)
പാസ്റ്റർ സാം റ്റി. മുഖത്തല
പാസ്റ്റർ അജി ആന്റണി (റാന്നി)
പാസ്റ്റർ തോമസ് മാമ്മൻ (കോട്ടയം)

- പകൽകൂടിവരവുകൾ
- സഹോദരി സമ്മേളനം
- പാസ്റ്റേഴ്സ് പ്രതിപുരുഷ സമ്മേളനം
- സൺഡേസ്കൂൾ & സി.ഇ.എം. സമ്മേളനം
- മാസയോഗം
- പൊതുസഭായോഗവും കർത്തൃമേശയും

ഗാനശുശ്രൂഷ: ഫെയ്ത്ത് ഗോസ്പൽ സിംഗേഴ്സ്, ചെങ്കുളം

ഏവർക്കും സ്വാഗതം

കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ അജോയ് ജോൺ (പബ്ലിസിറ്റി കൺവീനർ) 9747970147 പാസ്റ്റർ കെ.വി. ഡാനിയേൽകുട്ടി (സെക്ഷൻ പാസ്റ്റർ) 9446853573

Published by Abraham Thomas for Sharon Fellowship Sunday School Association, Sharon Thiruvalla - 689101, Printed at Mangalam, Kottayam, Global Tiruvalla 0469 2634355